കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2983/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 28/01/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

എബികെ 2/19

നം. കെ.എസ്.എ.എം.പി.എം.13/2632/2018

തിയ്യതി:28-01-2019

# മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.08.2017 മുതൽ 7.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.12.2018 മുതൽ 21.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സീനത്ത്. പി.എ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കെ.ടി ഉമ്മുകുൽസു | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.അജിത.ബി | 1.4.2017 മുതൽ 1.6.2017 വരെ |
| ശ്രീമതി.കെ.എസ്. മഞ്ജുഷ (അസി. സെക്രട്ടറി) | 2.6.2017 മുതൽ 11.6.2017 വരെ |
| ശ്രീ. കെ.ജയശങ്കർ | 12.6.2017 മുതൽ 31.3.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ.എസ്. മഞ്ജുഷ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി ആശ.YU | 01.04.2017 മുതൽ 20.10.2017 FNവരെ |
| | ശ്രീ ഗ്രേഷ്യസ്.എം.ജോൺ | 21.10.2017 AN മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ റഷീദ്. വി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജിൻഷ ബാലകൃഷ്ണൻ.C | 01.04.2017 മുതൽ 30.10.17 FN വരെ |
| | ശ്രീമതി.മഞ്ജു മോഹൻ.E | 30.10.17 AN മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. മഹേഷ്.ആർ | 01.04.2017 മുതൽ 11.10.2017 FN വരെ |
| | ഡോ. ഫവാസ് | 11.10.2017 AN മുതൽ 31.03.2018 വരെ |
| ICDS സൂപ്പർ വൈസർ | ശ്രീമതി. സൈനബ.KT | 01.04.2017 മുതൽ 1.11.17 FN വരെ 5.2.18 AN മുതൽ 31.3.18 |

| | | |
|---|---|---|
| | ശ്രീമതി. ഗിരിജ. പിള്ളക്കാട് | 1.11.17 AN മുതൽ 5.2.2018 FN വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഇബ്രാബിം. പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അഹമ്മദ്.പി (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.സിന്ധു.N.N (ആയുർവേദം) | 01.04.2017മുതൽ 11.04.2017 Fnവരെ<br>18.04.2017മുതൽ 7.06.2017 Fnവരെ |
| | ഡോ.ബീന.PG (ആയുർവേദം) | 11.04.2017 ANമുതൽ 17.04.2017 വരെ |
| | ഡോ.സന്ധ്യ.സി.വി (ആയുർവേദം) | 08.06.2017മുതൽ 31.3.18 വരെ |
| | ഡോ.ദീപ രവി വർമ (ഹോമിയോ) | 01.04.2017മുതൽ 2.06.2017 വരെ |
| | ഡോ.സീമ (ഹോമിയോ) | 03.06.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല | 2-2 |
| 15 | ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തില്ല | 2-3 |
| 16 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-4 |
| 17 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 18876 രൂപ | 3-1 |
| 19 | കൊടലോടിപറമ്പ് എസ്.സി കോളനി റോഡ് കോണ്ക്രീറ്റിംഗ് - ചെയ്യാത്ത അളവിന് തുക അനുവദിച്ചു - അധികം നൽകിയത് 8516 രൂപ | 3-2 |
| 20 | വട്ടപ്പറമ്പ് GWLP സ്കൂളിന് ചുറ്റുമതിൽ, ഷീറ്റിടൽ - ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു -നഷ്ടം 1649രൂപ | 3-3 |
| 21 | മരാമത്ത് പ്രവൃത്തി അവലോകനം | 3-4 |
| 22 | കായിക പരിശീലനം - ഫുട്ബോൾ പരിശീലിപ്പിക്കാൻ വോളിബോൾ കോച്ച് | 3-5 |
| 23 | ചെലവ് കണക്കുകൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്തത് | 3-6 |
| 24 | നെല്ലുൽപാദന ബോണസ് നൽകിയതിലെ അപാകതകൾ | 3-7 |
| 25 | സമൃദ്ധി- വനിതകൾക്ക് അടുക്കളതോട്ടം സബ്സിഡി അധികം നൽകിയത് | 3-8 |

| | | |
|---|---|---|
| 26 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-9 |
| 27 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ -(ജനറൽ)-അധിക തുക നൽകി | 3-10 |
| 28 | പശുകുട്ടി വിതരണം -എസ്.സി.പി.-അപാകതകൾ | 3-11 |
| 29 | പശുക്കുട്ടി വളർത്തൽ ജനറൽ -പദ്ധതി അപാകതകൾ | 3-12 |
| 30 | വനിതകൾക്ക് മുട്ടക്കോഴി വിതരണം -പദ്ധതി അപാകതകൾ | 3-13 |
| 31 | കെട്ടിട നികുതി കുടിശ്ശിക -നോട്ടീസ് വിതരണം -കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല | 3-14 |
| 32 | കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-15 |
| 33 | മഴക്കാല പൂർവ്വശുചീകരണം -ഫണ്ട് വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. | 3-16 |
| 34 | വർക്ക് ബിൽ തയ്യാറാക്കാതെ തുക നൽകി | 3-17 |
| 35 | പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ | 3-18 |
| 36 | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു | 3-19 |
| 37 | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല. | 3-20 |
| 38 | കുടുംബശ്രീ | 3-21 |
| ഭാഗം IV<br><br>ഓഡിറ്റ് പ്രത്യവലോകനം | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ, തിയതി |
|---|
| 30.03.2017 (1)-ാം നമ്പർ തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2018 | 13.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ | കെ.എസ്.എ എം.പി.എം13/1571/2018 തിയതി 03.08.2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക എന്നിവ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2,16,53,715 |
| വരവ് | 5,76,57,098 |
| ആകെ | 7,93,10,813 |
| ചെലവ് | 6,83,25,237 |
| നീക്കിയിരിപ്പ് | 1,09,85,576 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | -- | 1,55,70,131 | 1,55,70,131 | 1,07,59,014 | 48,11,117 |
| വികസനഫണ്ട് എസ് സി പി | -- | 1,02,61,000 | 1,02,61,000 | 78,10,591 | 24,50,409 |
| വികസന ഫണ്ട് ടി.എസ്.പി | -- | 42,000 | 42,000 | -- | 42,000 |
| മെയിന്റനൻസ് റോഡ് | -- | 77,61,347 | 77,61,347 | 42,43,862 | 35,17,485 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് നോൺ റോഡ് | | -- | 45,99,348 | 45,99,348 | 34,21,351 | 11,77,997 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | | -- | 1,00,49,895 | 1,00,49,895 | 62,16,879 | 38,33,016 |
| ലോക ബാങ്ക് ഗ്രാന്റ് (Central) (State) | | -- | 21,42,347 | 21,42,347 | 14,77,296 | 6,65,051 |
| ലോക ബാങ്ക് ഗ്രാന്റ് (State) | | -- | 7,72,445 | 7,72,445 | 6,72,881 | 99,564 |
| എസ്.ബി.ടി ഇ-പേയ്മെന്റ് | | 41,114 | 64,665 | 105779 | 11,057 | 94,772 |
| SMGB,7076(Own fund) | | 76,40,319 | 1,28,04,297 | 20444616 | 1,37,37,816 | 67,06,800 |
| ട്രഷറി (Own fund-VPFA-1,2) | | 3,28,950 | -- | 3,28,950 | -- | 3,28,950 |
| ട്രഷറി ടി.എസ്.ബി | | 1,24,87,402 | 1,67,61,932 | 29249334 | 2,63,05,181 | 29,44,153 |
| SMGB,6740, (സാനിറ്റേഷൻ) | | 5,97,831 | 4,42,632 | 1040463 | 3,73,454 | 6,67,009 |
| SMGB(എം.ജി.എൻ.ആർ.ജി.എസ്) | | 71,387 | 1,03,39,523 | 1,04,10,910 | 1,04,08,428 | 2482 |
| SMGB,(Plan) | | 39,436 | 2787 | 42,223 | 1427 | 40,796 |
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറ്റീവ് ബാങ്ക് സാക്ഷരത | | 1394 | 56 | 1450 | - | 1450 |
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറ്റീവ് ബാങ്ക് (സാനിറ്റേഷൻ) | | 9309 | 387 | 9696 | -- | 9696 |
| ഇരിമ്പിളിയം സർവീസ് കോ-ഓപ്പറ്റീവ് ബാങ്ക് (പൈക്ക) | | 1,67,666 | 7057 | 1,74,723 | -- | 1,74,723 |
| ബി ഫണ്ട് | | -- | 4,66,48,461 | 4,66,48,461 | 4,66,48,461 | -- |
| ജോയിന്റ്വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 15,00,000 | 17,00,000 | 1593717 | 106283 |
| | ജില്ലാ പഞ്ചായത്ത് | 0 | 12,25,000 | 12,25,000 | 2,25000 | 10,00,000 |

കുറിപ്പ്: ജോയിന്റ്വെഞ്ചർ പ്രൊജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ തുക ടി.എസ്.ബി. അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകൾ (ശതമാനം) |
|---|---|---|---|---|---|---|
| 229 | 70593405 | 170 | 39599107 | 35 | 59 | 56 |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 71,387 | 9,45,871 | 1017258 | 1014776 | 2482 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നല്കുന്നത് | -- | 9393652 | 9393652 | 9393652 | -- |
| ആകെ | 71,387 | 10339523 | 10410910 | 10408428 | 2482 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 26,400 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 30,84800 | 288 |
| വിധവാപെൻഷൻ | 1,35,80,000 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 2,50,60,800 | 2263 |
| വികലാംഗപെൻഷൻ | 37,55,300 | 351 |
| വിവാഹധനസഹായം | 1,50,000 | 6 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 9,69,400 | 88 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9919/- രൂപയുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സിൽ തിയ്യതി, തീരുമാനങ്ങൾ, അറ്റന്റൻസ്,എന്നിവ രേഖപ്പെടുത്തുന്നില്ല. മിനിട്സ് ക്ലോസ്സ് ചെയ്യുന്നില്ല.
2.നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർസൂക്ഷിക്കുന്നില്ല.

3.ബജറ്റ് പാസാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

4. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5.മെഡിക്കൽ ഓഫീസർ (അലോപതി), ( ആയുർവേദം) എന്നീ നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ , പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല
6. മെഡിക്കൽ ഓഫീസർ (അലോപതി) ഒരേ സമയം 2 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് ക്രമ പ്രകാരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2018 | 10/2018 | 21.11.2018 |
| എ.ജി ഓഡിറ്റ് | 15.12.15, 19.12.15 | 2010-11, 2014-15 | 5.02.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. തൊഴിൽ നികുതി, ബിൽഡിങ്ങ് പെർമിറ്റ്, ബിൽഡിങ്ങ് റെഗുലറൈസേഷൻ, എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. D&O ലൈസൻസ് ഫീ ഇനത്തിൽ മുൻകൂറായി 16700രൂപ പിരിച്ചെടുത്തതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരമുള്ള Other Advances, Advance to implimenting agencies, Advsnce to implimenting officers എന്നിവയിലെ തുകകളുടെ വിശദാംശങ്ങൾ ബന്ധപെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. മുൻ വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ഇനത്തിൽ 4385190 രൂപ കുടിശ്ശികയുണ്ട്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വസ്തു നികുതി പിരിവ് സംബന്ധിച്ച പത്രിക പ്രകാരം കുടിശ്ശിക തുക 1042720 രൂപയാണ്.

5. വാർഷിക കണക്ക് പ്രകാരം VPFAI-II അക്കൗണ്ടിൽ 328950 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബന്ധപ്പെട്ട ട്രഷറി സ്ലോൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. ബാങ്ക് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റെടുത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. പരിശോധനക്ക് ലഭ്യമാക്കിയവയിൽ വെറ്ററിനറി സ്രുജൻ, VEO, എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ TR7A കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

10. പരിശോധനക്ക് ലഭ്യമാക്കിയവയിൽ അസി. എഞ്ചിനീയർ, കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (PHC) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ സബ്സീഡിയറി രജിസ്റ്റർ (annexure B IV) ഉപയോഗിക്കുന്നില്ല.

11. മുൻ വാർഷിക കണക്കുകളിലെ മുഴുവൻ അപാകതകളും പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.
12. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്
13.സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ബ്ലോക്കിൽ നിന്നും ലഭിച്ച വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.(ഖ. 4-1 കാണുക)
14) TSC വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13 /20.12 .2018) മറുപടി നൽകിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ഉടമസ്ഥൻ | അർദ്ധ വർഷം |
|---|---|---|---|
| 1 | പെട്രോൾ പമ്പ് | ജൌഹറ വാക്കാട്ടിൽ ഹൌസ്, അങ്ങാടിപ്പുറം | 2017-18 ഒന്നുംരണ്ടും |
| 2 | മാവേലി സ്റ്റോർ , വലിയകുന്ന് | ശംസുദ്ധീൻ മേലേപീടിയേക്കൽ ഹൌസ് | 2017-18 ഒന്നുംരണ്ടും |

### 2-2 വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ

കെട്ടിടങ്ങളുടേയും വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്യൂരിഫിക്കേഷൻ നടപടികൾ നാളിതുവരെ പൂർത്തിയായിട്ടില്ല. നടപടികൾ പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തില്ല

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 5.12.2017 ലെ യോഗ തീരുമാന പ്രകാരം നിലവിൽ ഇടപാടുകൾ നടത്താത്ത ഗ്രാമ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് (പ്ലാൻ) (ബാലൻസ്- 42266)
2.ഇരിമ്പിളിയം സർവ്വീസ് സഹകരണ ബാങ്ക് (സാനിറ്റേഷൻ) (ബാലൻസ് – 9696)
3. VPFA 1,2 (ട്രഷറി തനത് ഫണ്ട്) (ബാലൻസ് – 328950)

## 2-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 1,73,607 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫോമിന്റെ വില ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 22/18 | 3 | 1155 | 3465 |
| 41/18 | 3 | 1575 | 4725 |
| 46/18 | 4 | 2625 | 10500 |
| Total | | | 18690 |

ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 18876 രൂപ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ 17.12.18 ന് ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണെന്ന് ബോധ്യപ്പെട്ടു. (കോൺക്രീറ്റിംഗിന്റെ എഡ്ജ് നേരെയല്ലാത്തതിനാൽ (Straight) അസി.എഞ്ചിനീയർ പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് സമ്മതിച്ചിട്ടുണ്ട്). DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് / കൺവീനർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത കോൺക്രീറ്റിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക | കരാറുകാരന് / കൺവീനർക്ക് അധികം അനുവദിച്ച തുക |
|---|---|---|---|---|
| പുളിക്കപ്പറമ്പ് ആര്യമ്പാടം റോഡ് കോണ്ക്രീറ്റിംഗ്<br>(SO043/18)<br>എം. ബുക്ക് - 15/17-18<br>മൂല്യനിർണ്ണയം - 148240<br>ബിൽ - 12/22.7.17<br>കരാറുകാരൻ- T.ഹസ്സൻ കോയ<br>കരാർ-60/22.3.17 (Estimate rate)<br>Cost Index-36.19% | 18.81m3 x7422.97/m3 = 139626<br>(length-41.5 m) | 18.81m3 x7422.97/m3 = 139626 | 18.81m3 x7240.85/m3 = 136200 | 3426 |
| നെല്ലാണിപൊറ്റ-വെണ്ടല്ലൂർ റോഡ് കൾവർട്ട് നിർമ്മാണം & കോണ്ക്രീറ്റിംഗ്<br>(SO41/18)<br>എം. ബുക്ക് - 51/16-17<br>മൂല്യനിർണ്ണയം - 578388 | 41.34m3 x6500/m3 = 268710<br>(length-74.4 m) | 41.34m3 x6500/m3 = 268710 | 41.34m3 x6340.81/m3 = 262129<br>(7240.85-12.43%) | 6581 |

| | | | | |
|---|---|---|---|---|
| ബിൽ- 20/14.8.17<br>കരാറുകാരൻ - NP.മനോമോഹനൻ<br>Tender below-12.43%(7422.97)<br>Cost Index-36.19% | | | | |
| തിരുനിലം ചെരപ്പറമ്പ് SC കോളനി റോഡ് കോണ്ക്രീറ്റിംഗ്<br>(SO48/18)<br>എം. ബുക്ക് - 52/17-18<br>മൂല്യനിർണ്ണയം - 268365<br>ബിൽ-94/27.3.18<br>കൺവീനർ - പ്രദീപ് കുമാർ<br>Cost Index-36.19% | 24.62m3 x6938.86/m3 = 170834.73<br>(length-92 m) | 24.62m3 x6938.86/m3 = 170834.73 | 24.62m3 x6768.61/m3 = 166643.17 | 4192 |
| കണക്കർക്കാവ് എസ്.സി കോളനി റോഡ് കോണ്ക്രീറ്റിംഗ്<br>(SO038/18)<br>എം. ബുക്ക് - 16/17-18<br>മൂല്യനിർണ്ണയം - 332760<br>ബിൽ - 13/22.7.17<br>കരാറുകാരൻ- TK.അബ്ദുൾ ഖാദർ<br>കരാർ-69/30.3.17<br>Tender below-29.2%(7422.98)<br>Cost Index-36.19% | 36.27m3 x7422.97/m3 = 269231<br>(length-100.2 m) | 36.27m3 x5255.46/m3 = 190615.53<br>(7422.97-29.2%)<br>(ടെണ്ടർ കുറവ് കിഴിച്ച്) | 36.27m3 x5126.52/m3 = 185938.88<br>(7240.85-29.2%)<br>(ടെണ്ടർ കുറവ് കിഴിച്ച്) | 4677 |
| ആകെ | | | | 18876 |

അധികം നൽകിയത് = 18876രൂപ

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത കോൺക്രീറ്റിന് അനുവദിക്കാവുന്ന data:

| | | | | |
|---|---|---|---|---|
| Stone 40mm | Cum | 0.52000 | 1050 | 546 |
| Stone 20mm | Cum | 0.22000 | 1175 | 258 |
| Stone 10mm | Cum | 0.11000 | 1175 | 129.25 |
| Carriage-<br>Stone 40mm | Cum | 0.52000 | 115.75 | 60.19 |
| Carriage-<br>Stone below 40mm | Cum | 0.33000 | 106.49 | 35.14 |
| Coarse sand | Cum | 0.44500 | 1200 | 534 |
| Carriage-<br>Stone below 40mm | Cum | 0.44500 | 106.49 | 47.39 |
| Portland Cement | Tonne | 0.32000 | 6300 | 2016 |
| Carriage-cement | Tonne | 0.32000 | 94.65 | 30.29 |
| Labour | | | | |
| Mason(Average) | Day | 0.10000 | 417 | 41.70 |
| Beldar | Day | 1.63000 | 329 | 536.27 |
| Bhisti | Day | 0.70000 | 363 | 254.10 |
| Hire charge-concrete mixer | Day | 0.07700 | 800 | 61.60 |
| Vibrator | Day | 0.07000 | 350 | 24.50 |
| Sundries | L.S | 1.43000 | 1.78 | 2.55 |
| | | | | 4577.48 |
| | | | Water charge 1% | 45.77 |
| | | | | 4623.25 |
| | | | Add CPOH 15% | 693.48 |
| | | | | 5316.73 |
| | | | Add Cost Index 36.19% | 7240.85/m3 (Contract Work) |
| 7240.85/115x100x7.5=6768.61 | | | | 6768.61/m3 (Convenor Work) |

ഓഡിറ്റ് അന്വേഷണത്തിന് (No. 5 / 18.12.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 18876 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-2** <u>കൊടലോടിപറമ്പ് എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് - ചെയ്യാത്ത അളവിന് തുക അനുവദിച്ചു - അധികം നൽകിയത് **8516** രൂപ</u>

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

(SO020/18)

എം. ബുക്ക് - 18/17-18

മൂല്യനിർണ്ണയം - 2,00,000

ബിൽ - 32/30.6.17

കരാറുകാരൻ- CP.മുസ്തഫ

കരാർ-58/22.3.17 (Estimate rate)

Cost Index-36.19%

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. തെറ്റായ അളവ് പ്രകാരം ബിൽ തയ്യാറാക്കിയതിനാൽ കരാറുകാരന് 8516 രൂപ അധികം തുക നൽകിയിട്ടുണ്ട്. (റോഡ് അവസാനിക്കുന്ന ഭാഗത്ത് അളവ് പുസ്തക പ്രകാരമുള്ള വീതിയിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടില്ല).

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | അളവ് പുസ്തകം പ്രകാരം അളവ് | യഥാർത്ഥ അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 3.സിമന്റ് കോൺക്രീറ്റ് (1:2:4) | 22.11/$m^3$ | 21.49 | 164121.87<br>( 22.11m3 x 7422.97/m3 ) | 155606<br>( 21.49m3 x 7240.85/m3) സൈഡ് ഷട്ടറിംഗ് ചെയ്യാത്തതിനാൽ അനുവദനീയമായ നിരക്ക് | 8516 |

പ്രവൃത്തിയിൽ സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണ് 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 7240.85/m3 രൂപയാണ്. (പ്രവൃത്തി സ്ഥലത്ത് മതിൽ ഉള്ളതിനാലും കോൺക്രീറ്റിംഗിന്റെ എഡ്ജ് നേരെയല്ലാത്തതിനാലും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ലെന്ന് 17.12.18 ന് നടത്തിയ സ്ഥല പരിശോധനയിൽ പങ്കെടുത്ത അസി.എഞ്ചിനീയർ സമ്മതിച്ചിട്ടുണ്ട്)

ഓഡിറ്റ് അന്വേഷണത്തിന് (No. 6 / 18.12.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 8516 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-3** <u>വട്ടപ്പറമ്പ് **GWLP** സ്കൂളിന് ചുറ്റമതിൽ, ഷീറ്റിടൽ - ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു -നഷ്ടം **1649**രൂപ</u>

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

(SO125/18)

എം. ബുക്ക് - 87/17-18

മൂല്യനിർണ്ണയം - 249951

ബിൽ - 87/20.3.18

കരാറുകാരൻ- ഹസ്സൻ

കരാർ-44/27.11.17 (Estimate rate)

Cost Index-40.2% (2016 DSR)

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 2.3 പ്രകാരം 0.50 mm ഷീറ്റ് (Galvanised iron profile sheet) ഇട്ടതിന് 17532 രൂപ (22.72 m2x771.66/m2) അനുവദിച്ചു. സ്ഥല പരിശോധന നടത്തിയതിൽ ഷീറ്റ് 0.35 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. 0.35 mm കനമുള്ള ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 699.07/m2 ആണ്. അധികം അനുവദിച്ച തുക താഴെ പറയുന്നു.

22.72 m2x699.07/m2 = 15883

17532 -15883 = 1649

ഓഡിറ്റ് അന്വേഷണത്തിന് (No. 7 / 18.12.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1649രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

DATA (OD)

Roofing with G.I hard colour powder coated trafford sheets 0.35mm thick or nearest available thickness with overlaps of 150mm at ends and GI hooks or crank C.I bolts and nuts including plain washers and bitumen washers etc complete

| Code | Description | Unit | Quantity | Rate | Amount | Remarks/Input ref |
|---|---|---|---|---|---|---|
| MR | G.I hard colour powder coated frafford sheets 0.35mm thick. ( add 10% for lap and wastage) | per sqm | 202.97000 | 300.00 | 60891.00 | MR |
| 1022 | Galvanised steel bolts & nuts 6 mm dia and 25 mm long round head with slots | 10 nos | 884.00000 | 38.00 | 3359.20 | |

| | | | | | | |
|---|---|---|---|---|---|---|
| 1023 | Galvanised steel J or L hooks 8 mm dia | 10 nos | 1694.00000 | 115.00 | 19481.00 | |
| 1207 | G.I Limpet washer | 100 nos | 1694.00000 | 35.00 | 592.90 | |
| 1208 | Bitumen washer | 100 nos | 26.91000 | 30.00 | 8.07 | |
| 9999 | Sundries | L.S | 53.82000 | 1.73 | 93.11 | |
| 0130 | Mistry | Day | 1.30000 | 487.00 | 633.10 | |
| 0112 | Carpenter 2nd class | Day | 15.50000 | 448.00 | 6944.00 | |
| 0114 | Beldar | Day | 15.50000 | 368.00 | 5704.00 | |
| 9999 | Sundries | L.S | 12.09000 | 1.73 | 20.92 | |
| | TOTAL | | | | 97727.30 | |
| | cost for 184.52 sqm | | | | 97727.30 | |
| | cost for one sqm | | | | 529.63 | |
| | say | | | | 529.63 | |

| | |
|---|---|
| Add Water Charges @ 1.0% | 5.29 |
| Add CPOH Profit @ 15.0% | 80.23 |
| SAY | 615.16 |

| | | | | | |
|---|---|---|---|---|---|
| | Cost index 40.2 % | | | | 83.91 |
| | Total with Cost index | | | | 699.07 |
| | Say | | | | 699.07 |

## 3-4 മരാമത്ത് പ്രവൃത്തി അവലോകനം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 135 പ്രോജക്റ്റുകളാണ് ഏറ്റെടുത്തത്. ഈ പ്രോജക്റ്റുകളുടെ ആകെ അടങ്കൽ 3,10,19,263രൂപയാണ്. ചെലവഴിച്ചത് 1,73,60,724 രൂപയാണ്. അതായത് 55.96 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്റ്റുകളിൽ 36 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സ്പിൽ ഓവറായി വന്ന 42 പ്രൊജക്റ്റുകളിൽ ഒരെണ്ണം തൻവർഷത്തിലും നടപ്പിലാക്കിയിട്ടില്ല. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 1.36 കോടി രൂപ വകയിരുത്തിയ പ്രോജക്റ്റുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്റ്റുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്റ്റുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്റ്റുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് പദ്ധതി തയ്യാറാക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച് യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു.

## 3-5 കായിക പരിശീലനം - ഫുട്ബോൾ പരിശീലിപ്പിക്കാൻ വോളിബോൾ കോച്ച്

പ്രൊജക്ട് നമ്പർ 191/18

അടങ്കൽ 50,000 രൂപ ( തനത് ഫണ്ട് )

ചെലവ് 49812 ചെക്ക് നമ്പർ 6848477 തി. 21.3.18

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ കായിക പരിശീലനം എന്ന പ്രൊജക്ടിൽ 40 കുട്ടികൾക്ക് ഫുട്ബാൾ കളിയിൽ പരിശീലനം നൽകിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരമുള്ള പരിശീലന പരിപാടിയിലേക്ക് പത്രപരസ്യം നൽകി കുട്ടികളെ തെരഞ്ഞെടുക്കുകയും അതനുസരിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ഫുട്ബാളും ജഴ്സിയും വാങ്ങൽ,പരിശീലനാർത്ഥികൾക്ക് ലഘുഭക്ഷണം നൽകൽ, കോച്ചുകൾക്ക് പ്രതിഫലം നൽകൽ എന്നിവക്ക് വേണ്ടിയാണ് പണം ചെലവഴിച്ചത്.40 കുട്ടികൾക്ക് 18 ദിവസത്തെ പരിശീലനം നൽകിയതിന് ശ്രീജിത്ത്. പി.പി, വി.ശ്രീകുമാരൻ എന്നിവർക്ക് 6000 രൂപ വീതം പ്രതിഫലം നൽകിയിട്ടുണ്ട്.

പരിശീലനത്തിന് നിയോഗിക്കപ്പെട്ട കോച്ചുകളെ തിരഞ്ഞെടുത്തതിന്റെയും പ്രസ്തുത മേഖലയിൽ അവരുടെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (3/17.12.18) ലഭ്യമാക്കിയ മറുപടിയിൽ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കി. ഇതനുസരിച്ച് ശ്രീ.വി.ശ്രീകുമാരൻ എന്നയാൾ വോളിബോൾ കോച്ചും ശ്രീ.ശ്രീജിത്ത്. പി.പി എന്നയാൾ ബി.പി.ഇ ബിരുദ ധാരിയുമാണ്. ഫുട്ബാൾ മേഖലയിൽ അംഗീകരിക്കപ്പെട്ട പ്രാവീണ്യമോ സ്പോർട്സ് കൗൺസിൽ അംഗീകാരമോ ഇല്ലാത്തവരെ ഫുട്ബോൾ പരിശീലനം നൽകാൻ ഏൽപിച്ചതിന്റെ കാരണം വ്യക്തമല്ല. ബന്ധപ്പെട്ട മേഖലയിലെ മോണിറ്ററിംഗ് കമ്മിറ്റിയുടെ വിലയിരുത്തലോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലോ ഉണ്ടായിട്ടില്ല. ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രാപ്തമല്ലാത്ത പ്രൊജക്ടുകൾ നടപ്പിലാക്കുക വഴി പ്രൊജക്ടിനായി വകയിരുത്തിയ പണം പാഴ്ചെലവായി മാറുന്നു. ഇത്തരം പ്രൊജക്ടുകളിൽ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 3-6 ചെലവ് കണക്കുകൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്തത്

താഴെ പട്ടികയിൽ സൂചിപ്പിച്ച ചെലവ് കണക്കുകൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.ആയതിനാൽ ചെലവ് പത്രിക പ്രകാരം നടപ്പാക്കിയ ആകെ പ്രൊജക്ടുകളുടെ എണ്ണത്തിലും ചെലവിലും വ്യത്യാസം കാണുന്നു

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | സോഫ്റ്റ് വെയർ | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രകാരം ചെലവ് | | | |
| 1 | 191/18 കായിക പരിശീലനം | 50,000 രൂപ(തനത് ഫണ്ട്) | 0 | 49812 | 49812 | ചെക്ക് 6848477/21.3.18 |
| 2 | 230/18 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | 1,00,000 രൂപ (തനത് ഫണ്ട്) | 0 | 45705 | 45705 | ചെക്ക് 6848478/21.3.18 |
| 3 | 235/18 വായനശാലക്ക് പത്രം,മാസിക നൽകൽ | 15,000രൂപ (തനത് ഫണ്ട്) | 0 | 7200 | 7200 | ചെക്ക് 6848480/21.3.18 |
| 4 | 113/18 പ്രതീക്ഷ-അടങ്കൽ ) ചെലവ് തനത് ഫണ്ടിൽ നിന്നുള്ള 8769 രൂപ ( ചെക്ക് നമ്പർ 6848473/24.3.18) | 2,20,000 രൂപ (വികസന ഫണ്ട് ജനറൽ 1,10,000, തനത് ഫണ്ട് 1,01,231) | 211231 രൂപ ( വികസന ഫണ്ട് ജനറൽ 1,10,000 , തനത് ഫണ്ട് 1,10,000 ) | 2,20,000 രൂപ ( വികസന ഫണ്ട് ജനറൽ 1,10,000 , തനത് ഫണ്ട് 1,10,000 ) | 8769 രൂപ (തനത് ഫണ്ട്) | ചെക്ക് നമ്പർ 6848473/24.3.18 |
| 5 | 258/18 അധിക ഹോണറേറിയം | 7,25,000 രൂപ (വികസന ഫണ്ട് ജനറൽ 3,00,000, തനത് ഫണ്ട് 4,25,000 ) | 5,98,643 (വികസന ഫണ്ട് ജനറൽ 3,00,000, തനത് ഫണ്ട് 2,98,643 ) | 7,19,239 (വികസന ഫണ്ട് ജനറൽ 3,00,000, തനത് ഫണ്ട് 4,19,239 ) | 1,20,596 രൂപ-തനത് ഫണ്ട് | ചെക്ക് നമ്പർ 6848470/15.3.18) |
| 6 | 3/18 പോഷകാഹാര പരിപാടി | 34,00,000 രൂപ (വികസന ഫണ്ട് ജനറൽ 22,00,000, കേന്ദ്രാവിഷ്കൃത ഫണ്ട് 12,00,000 ) | 2520861 (വികസന ഫണ്ട് ജനറൽ 22,00,000, കേന്ദ്രാവിഷ്കൃത ഫണ്ട് 3,20,861) | 25,36,644 (വികസന ഫണ്ട് ജനറൽ 22,00,000, കേന്ദ്രാവിഷ്കൃത ഫണ്ട് 3,36,644) | 15783രൂപ -കേന്ദ്രാവിഷ്കൃതം | ചെക്ക് നമ്പർ 5805243/26.3.18) |

(ചെലവ് കണക്കുകൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ആയത് രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു)

## 3-7 നെല്ലുൽപാദന ബോണസ് നൽകിയതിലെ അപാകതകൾ

2016-17 വർഷത്തേക്ക് 430 കർഷകർക്ക് നൽകുന്നതിനായി 288000 രൂപ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.( ചെക്ക് 5359842/26.3.18) . എന്നാൽ അർഹത നിർണ്ണ യിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം 477 കർഷകർക്ക് നെല്ലുൽപാദന ബോണസ് ആയി 2,51,000 രൂപ ( ചെക്ക് 5359843/26.3.18)അവരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ അർഹത നിർണ്ണയിക്കുന്ന രേഖകൾ പ്രകാരം 250.57 ഹെക്ടർ സ്ഥലത്ത് ഉൽപാദനം നടത്തിയതിന് ആകെ 250570 രൂപ മാത്രമാണ് നൽകേണ്ടിയിരുന്നത്. എന്നാൽ 7 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അർഹമായതിലും കൂടുതൽ തുക നൽകിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്. അധികം നൽകിയ 430/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 3-8 സമൃദ്ധി- വനിതകൾക്ക് അടുക്കളതോട്ടം സബ്സിഡി അധികം നൽകിയത്

പ്രൊജക്ട് 156/18

അടങ്കൽ 6,00,000 ( വികസന ഫണ്ട് ജനറൽ 3,00,000 + ഗ്ര.വി 3,00,000)

ചെലവ് 1,15,140 വികസന ഫണ്ട് ജനറൽ -ട്രഷറി ബിൽ 6/16.3.18

പ്രൊജക്ടിൽ 71 ഗുണഭോക്താക്കൾക്ക് 6.58 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിന് കൂലി ചെലവായി 1,15,140 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 80/2017 /ത.സ്വ.ഭ.വ തിയ്യതി 03-04-2017 ഉത്തരവ് ഖ.8.1.6 ജി.ഒ(ആർ.ടി)1683/2017 ത.സ്വ.ഭ.വ തിയ്യതി 23.5.17 ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഹെക്ടറിന് പരമാവധി 17000 രൂപയാണ് അർഹത. കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം.

ആനുകൂല്യം ലഭിച്ചവരിൽ താഴെ പറയുന്നവർക്ക് അർഹമായതിലും അധികം തുക നൽകിയതായി കാണുന്നു.

| പേര് | വിസ്തൃതി ഹെക്ടറിൽ | അർഹമായ സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|
| ശാലിനി | 0.04 | 680 | 1020 | 340 |
| ആയിഷക്കുട്ടി | 0.06 | 1020 | 1400 | 380 |
| സീനത്ത് | 0.06 | 1020 | 1400 | 380 |
| വൽസല കുമാരി | 0.1 | 1700 | 3500 | 1800 |
| നസീല | 0.06 | 1020 | 1400 | 380 |
| | ആകെ | 5440 | 8720 | 3280 |

അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-9 മരുന്ന് ലഭ്യമാക്കിയിട്ടില്ല

1. മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " PHCയിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (s0062/2017-18)യുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000 രൂപ പിൻവലിച്ച് (ബിൽ നം- 16/19.02.2018) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 25351 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അവശേഷിക്കുന്ന 274649 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നത് വരെ 274649

രൂപ തടസ്സം ചെയ്യുന്നു.

2. മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ആരോഗ്യ പരിരക്ഷ -പെയിൻ & പാലിയേറ്റീവ് എന്ന പദ്ധതിയുടെ(ടo052/2017-18) ഭാഗമായി പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 3100രൂപയും(ബിൽ നം- 12/18.12.2017), ബ്ലോക്ക് വിഹിതമായി ലഭിച്ച 200,000 രൂപയും(ചെക്ക് നം-715081400000006/26.3.2018 ) ചേർത്ത് ആകെ 203100 രൂപ കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ 203100 രൂപ തടസ്സം ചെയ്യുന്നു.

3. മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ആരോഗ്യ പരിരക്ഷ -പെയിൻ & പാലിയേറ്റീവ് എന്ന പദ്ധതിയുടെ(ടo0114/2017-18) ഭാഗമായി പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 196900രൂപ(ബിൽ നം- 14/18.12.2017) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ196900 രൂപ തടസ്സം ചെയ്യുന്നു.

മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് (12 /20.12.2018)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ -(ജനറൽ)-അധിക തുക നൽകി

പ്രോജക്റ്റ് നം.95/18

വകയിരുത്തിയ തുക -

പദ്ധതി വിഹിതം - 150000/-

ബ്ലോക്ക് വിഹിതം - 100000/-

ജില്ലാ പഞ്ചായത്ത് വിഹിതം -100000/-

ആകെ -350000/-

ബിൽ നം.തി -04/22.03.18 -199103/-

ചെക്ക് നം. തി -6848474/17.03.18 -57717

500കർഷകർക്ക് ലിറ്ററിന് 3 രൂപ നിരക്കിൽ ഒരു ഗുണഭോക്താവിന് പരമാവധി 15000/- രൂപ നൽകുന്നതിനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.എന്നാൽ പ്രോജക്റ്റിൽ പറഞ്ഞതിന് വിരുദ്ധമായി താഴെ പറയും പ്രകാരം അധികതുക ഗുണഭോക്തവിന് കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഡയറിയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം അളന്ന പാലിന്റെ അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| ഫാത്തിമ.പി | 320.15 | 960 | 1963 | 1000 | ഒക്ടോബർ,നവംബർ,ഡിസംബർ |

| | | | | | |
|---|---|---|---|---|---|
| | | | | | മാസങ്ങളിൽ മഞ്ചേരി<br>അപ്കോസിൽ ആകെ 320.15 ലിറ്റർ മാത്രമാണ്<br>അളന്നിട്ടുള്ളത്. |

അധികം നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-11 പശുകുട്ടി വിതരണം -എസ്.സി.പി.-അപാകതകൾ

പ്രോജക്റ്റ് നം.129/18

നി.ഉ.-വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക -

വികസന ഫണ്ട്(scp)-150000/-

ഗുണഭോക്തൃവിഹിതം - 90000

ആകെ 240000/-

ചെലവഴിച്ച തുക -

വികസന ഫണ്ട്- 90000/- ബിൽ നം. തി.02/18.05.18

ഗുണഭോക്തൃവിഹിതം -54000/-ചെക്ക് നം. തി. 5805255/28.03.18

ആകെ 144000/-

പാൽ ഉത്പാദനം വർദ്ധിപ്പിക്കുക ,സ്ത്രീകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിക്ക് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 6000രൂപ ഗുണഭോക്തൃ വിഹിതമിനത്തിലും 10000 രൂപ പദ്ധതി വിഹിതമിനത്തിലും ചെലവഴിച്ച് 9 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.വികസനഫണ്ട് ക്യൂ ബിൽ സിസ്റ്റത്തിൽ ഉൾപ്പെട്ടതിനാൽ 2018-19 സാമ്പത്തിക വർഷമാണ് ബിൽ മാറിയിട്ടുള്ളത്.ഗുണഭോക്തൃവിഹിതം മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് പദ്ധതി നടപ്പാക്കിയതിലെ അപാകതൾ താഴെ കൊടുക്കുന്നു.

1.പാൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും പഞ്ചായത്ത് പരിധിയിൽ നിന്നു തന്നെ വാങ്ങിയിട്ടുള്ളതിനാൽ പാലുത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നില്ല.

2.ദേവകി ,വട്ടപറമ്പിൽ,പുറമണ്ണൂർ എന്ന ഗുണഭോക്താവ് പശുക്കുട്ടിയുടെ ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ഗുണഭോക്താക്കളുടെ വാർഷിക വരുമാനം ,ജാതി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ, വാങ്ങിയ പശുക്കളുടെ ഫോട്ടോ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് അതുവഴി ഉരുക്കളെ വാങ്ങിയിട്ടില്ല.
മേൽ അപാകതകൾക്ക് ആദ്യ മറുപടിയിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 പശുക്കുട്ടി വളർത്തൽ ജനറൽ -പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം.133/18

നി.ഉ.വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക -

വികസന ഫണ്ട്-1088000/-

ഗുണഭോക്തൃവിഹിതം - 1088000

ആകെ 2176000/-

ചെലവഴിച്ച തുക -

വികസന ഫണ്ട്- 360000/- ബിൽ നം. തി.01/18.05.18

ഗുണഭോക്തൃവിഹിതം -360000/-ചെക്ക് നം. തി. 5805255/28.03.18

മേൽ പദ്ധതി പ്രകാരം 45 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വികസനഫണ്ട് ക്യൂ ബിൽ സിസ്റ്റത്തിൽ ഉൾപ്പെട്ടതിനാൽ 2018-19 സാമ്പത്തിക വർഷമാണ് മാറിയിട്ടുള്ളത്.

1.മേൽ പദ്ധതി പ്രകാരം 48 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം കൈപ്പറ്റിയെങ്കിലും മൂന്ന് ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം തിരികെ നൽകിയിട്ടുണ്ട് (019591/31.03.18).സക്കീന കലമ്പൻ എന്ന ഗുണഭോക്താവ് 8000/രൂപ തിരികെ കൈപ്പറ്റിയതിന്റെ രശീത് ഹാജരാക്കിയിട്ടില്ല.

2.സഫിയ,പുളിക്കൽ,കല്യാണിക്കുട്ടി ,മഠത്തിൽഎന്നീ ഗുണഭോക്താക്കൾ പശുക്കുട്ടിയുടെ ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച രേഖകൾ,വാങ്ങിയ പശുക്കളുടെ ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല.

4.പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് അതുവഴി ഉരുക്കളെ വാങ്ങിയിട്ടില്ല.
മേൽ അപാകതകൾക്ക് ആദ്യ മറുപടിയിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 വനിതകൾക്ക് മുട്ടക്കോഴി വിതരണം -പദ്ധതി അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പ്രോജക്റ്റ് നം. 117/18

വികസന ഫണ്ട് -300000/-

ഗുണഭോക്തൃവിഹിതം -300000/-

ആകെ -600000/-

ചെലവഴിച്ചതുക -

വികസന ഫണ്ട് - 170000/-ബിൽ നം. തി.01/25.01.18

വികസനഫണ്ട് 58500 -ബിൽ നം. തി 02/22.03.18

ഗുണഭോക്തൃവിഹിതം 228500/-ചെക്ക് നം. തി.6848475/17.03.18

ആകെ 457000/-

മേൽ പ്രോജക്റ്റ് പ്രകാരം ഒരു കോഴിക്കുഞ്ഞിന് 100 രൂപ വീതം 4570 കോഴിക്കുഞ്ഞുങ്ങളെ ജില്ലാ പൌൾട്രി ഫാം, ആതവനാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

ആയതിന് താഴെ പറയും പ്രകാരം ഇൻവോയ്സുകൾ ,ഇഷ്യു നോട്ടുകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് നം. തി. | ലഭിച്ച എണ്ണം | തുക |
|---|---|---|

| | | |
|---|---|---|
| DPFA022/17-18 dt. 23.12.17 | 1100 | 110000 |
| DPFA622/17-18 dt. 22.01.18 | 2300 | 230000 |
| DPFA22/16-17 dt. 13.03.18 | 1170 | 117000 |

അപാകതകൾ

1).457 ഗുണഭോക്താക്കൾക്ക്10കോഴികളെ വീതം വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ ഓരോ ഗുണഭോക്താവിന്റേയും റേഷൻ കാർഡിന്റെ കോപ്പി മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്.
2).ഉടമസ്ഥത,വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ,അപേക്ഷ എന്നിവ ഹാജരാക്കിയിട്ടില്ല.

പദ്ധതി നടപ്പിലാക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 കെട്ടിട നികുതി കുടിശ്ശിക -നോട്ടീസ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല.

കെട്ടിട നികതി കുടിശ്ശിക അടവാക്കുന്നതിന് വാർഡ് തലത്തിൽ 4395 വീട്ടുകളിൽ നോട്ടീസ് വിതരണം നടത്തിയതിന് ഒരു വീടിന് അഞ്ച് രൂപ വീതം (സർക്കാർ ഉത്തരവ് നം.55257/IA1/14/ത.സ്വ.ഭ.വ. തി.06.02.15 പ്രകാരം ) തൻവർഷം വൌച്ചർ നം.21700821 dt.08.03.18 പ്രകാരം 21975/- രൂപ കുടുംബശ്രീ പ്രവർത്തകർക്ക്നൽകിയിട്ടുണ്ട്.ആയത് കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.രശീതി ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-15 കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷം നടത്തിയ താഴെ പറയുന്ന ചെലവുകളുടെ കൈപ്പറ്റ് രശീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം. തി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700100 dt.16.05.17 | 24177 | തൊഴിലുറപ്പ് പദ്ധതികളിൽ നിന്നും ഈടാക്കിയ കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. അടവാക്കിയത് |
| 2 | ,, | 96708 | ,,വാറ്റ് അടവാക്കിയത് |
| 3 | ,, | 24177 | ,,ഇൻകംടാക്സ് അടവാക്കിയത് |
| 4 | 21700195 dt.23.06.17 | 301663 | ലൈബ്രറിസെസ്സ് അടവാക്കിയത് |
| 5 | 21700264 dt.22.07.17 | 24177 | തൊഴിലുറപ്പ് പദ്ധതികളിൽ നിന്നും ഈടാക്കിയ കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. അടവാക്കിയത് |
| 6 | 21700663/ 04.01.18 | 2000 | KREWS ന് നൽകിയത് |
| 7 | 21700623/14.12.17 | 60301 | കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന് നൽകിയത്. |

| | | | |
|---|---|---|---|
| 8 | 21700677/04.01.18 | 20000 | പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് നൽകി |
| 9 | 07/18.07.17 | 300000 | കേരള സെക്യൂരിറ്റിമിഷന് നൽകിയത് |
| | | 853203 | |

കൈപ്പറ്റ് രശീത് ഹാജരാക്കാത്തതിനാൽ മേൽ വൌച്ചർ പ്രകാരം ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 മഴക്കാല പൂർവ്വശുചീകരണം -ഫണ്ട് വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

ശുചിത്വ മിഷനിൽ നിന്നും മഴക്കാല പൂർവ്വശുചീകരണത്തിനായി ലഭ്യമായ ഫണ്ട് വൌച്ചർ നം. 21700678/11.01.18 പ്രകാരം 71570/- രൂപ മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ക്ക് കൈമാറിയിട്ടുണ്ട്.ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 മസ്റ്റർ റോൾ തയ്യാറാക്കാതെ തുക നൽകി

താഴെ പറയുന്ന പ്രവർത്തികളിൽ മസ്റ്റർ റോൾ തയ്യാറാക്കാതെ ഓവർസിയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിൽ മാത്രം തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തി. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700430/25.09.17 | 4750/ | വാർഡ് 13ലെ പൊതുകിണർ വൃത്തിയാക്കുന്നതിന് |
| 2 | 21700431/27.09.17 | 4750 | കളരിക്കൽ പൊതുകിണർ വൃത്തിയാക്കുന്നതിന് |

ഇത്തരം പ്രവർത്തികൾക്ക് മസ്റ്റർ റോൾ തയ്യാറാക്കി മാത്രം തുക കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി
പ്രോജക്റ്റ് നം. 56/18

ബിൽ നം. തി. തുക 14/24.08.17-473000/-

മേൽ പ്രോജക്റ്റ് പ്രകാരം (ഇൻവോയ്സ് നം. 235/25.06.17) 473000/- രൂപ 206പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അലൂമിന ഇലക്ട്രോണിക്സ് ,കക്കടംപൊയിൽ എന്ന സ്ഥാപനത്തിന് നലകിയിട്ടുണ്ട്.

അപാകതകൾ.

1.17 വാർഡുകളിൽ 185 എണ്ണവും പൊതുറോഡിൽ 21എണ്ണവും കൂടി ആകെ 206 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി പ്രസിഡണ്ട് സാക്ഷ്യപത്രം ഹാജരാക്കി യിട്ടുണ്ടെങ്കിലും മെമ്പർമാർ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 173 പുതിയ തെരുവ് വിളക്കുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.വിശദവിവരം താഴെകൊടുക്കുന്നു.

| വാർഡ് നം. | സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 12 |

| | |
|---|---|
| 2 | 11 |
| 3 | 12 |
| 4 | 09 |
| 5 | 12 |
| 6 | 09 |
| 7 | 12 |
| 8 | 12 |
| 9 | 12 |
| 10 | 09 |
| 11 | 12 |
| 12 | 12 |
| 13 | 09 |
| 14 | 09 |
| 15 | 09 |
| 16 | 12 |
| ആകെ | 173 |

ബാക്കിയുള്ള തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമല്ല.വാർഡ് 17 ൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം ലഭ്യമായിട്ടില്ല.

2.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

3.കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതായി കാണുന്നില്ല.

4.ടെന്റർ സ്വീകരിച്ച സ്ഥാപനം ഹാജരാക്കിയ ബ്രോഷർ പ്രകാരം 24wt LED ലൈറ്റുകൾ മാത്രമാണുള്ളത്. എന്നാൽ ഇൻവോയ്സ് പ്രകാരം 25wt. ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ എത്ര വാട്ട്സിന്റെ തെരുവ് വിളക്കുകളാണ് പ്രവൃത്തിയിൽ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.
5.ഏതെല്ലാം പോസ്റ്റുകളിലാണ് (പോസ്റ്റ് നമ്പർ)ഇവ സ്ഥാപിച്ചത് എന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-19 വിനിയോഗവിവരം ലഭ്യമല്ല-തുക തടസ്സപ്പെട്ടുത്തുന്നു.

സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി .ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൌച്ചർ/ ബിൽ നം.തി | തുക | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | 28/22.03.18 | 32344 | നെല്ലാനിപ്പറ്റ കോളനി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | KSEB അസിസ്റ്റന്റ് എഞ്ചിനീയർ,വളാഞ്ചേരിക്ക് നൽകി |

| | | | | |
|---|---|---|---|---|
| 2 | 21700579/30.11.17 | 36203 | റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് kSEBഅസിസ്റ്റന്റ് എഞ്ചിനീയർ,വളാഞ്ചേരി | ,, |
| | 21700580/30.11.17 | 908 | ,, | " |
| | 21700574/30.11.17 | 13797 | ,, | അസിസ്റ്റന്റ് എഞ്ചിനീയർ ,എടയൂരിന് |
| | | 83252 | | |

മേൽ പ്രകാരം ചെലവഴിച്ചതുകയുടെ പൂർത്തീകരണസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-20 മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല.

28.09.17 ലെ 7-ാം നമ്പർ തീരുമാന പ്രകാരം കാലവർഷകെടുതിയിൽ റോഡിലേക്ക് വീണ മണ്ണ് നീക്കുന്നതിനും ആയത് അംഗനവാടി നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 18/21.12.18 (ക്രമ നം.4) പ്രകാരം ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-21 ആശ്രയ പദ്ധതി- വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു.

ആശ്രയ പദ്ധതിക്കായി കൈമാറിയ തുകയിൽ വികസന ഫണ്ട് വിഹിതത്തിൽ നിന്നുള്ള 5,99,267 രൂപ 2016-17 ൽ നീക്കിയിരിപ്പുള്ളതായി കാഷ്ബുക്ക് പ്രകാരം കാണുന്നു.ചാലഞ്ച് ഫണ്ട് 94,563 രൂപ ഉൾപ്പെടെ 2016-17 ലെ ആകെ നീക്കിയിരിപ്പ് തുക 693830 ആണ്. 2017-18 ൽ വികസന ഫണ്ടിൽ നിന്നും തുകയൊന്നും പദ്ധതിക്കായി കൈമാറിയിട്ടില്ല. യാതൊരു തുകയും 2017-18 ൽ വികസന ഫണ്ടിൽ നിന്നും പദ്ധതിക്കായി ചെലവഴിച്ചിട്ടില്ല.2016-17 ലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു.ആയത് തിരിച്ചടവാക്കുന്നതിനോ പദ്ധതിക്കായി ചെലവഴിക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പദ്ധതിയുടെ പേര്, പ്രൊജക്ട് നമ്പർ | മുന്നിരിപ്പ് തുക | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ആരോഗ്യ പരിരക്ഷ-പെയ്ൻ & പാലിയേറ്റിവ് (SO52/18) | 2,00,000 | 0 | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (95/18) | | 1,00,000 | 57717 | 42283 |
| ബ്ലോക്ക് പഞ്ചായത്ത് | 183/18 നെൽകൃഷി വികസനം-കൂലിചെലവ്-സബ്സിഡി | | 11,00,000 | 11,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ആരോഗ്യ പരിരക്ഷ-പെയ്ൻ & പാലിയേറ്റിവ് (114/18) | | 1,00,000 | 36,000 | 64,000 |
| ബ്ലോക്ക് പഞ്ചായത്ത് | 63/18 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 2,00,000 | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 63/18 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 2,25,000 | 2,25,000 | 0 |
| | 183/18 നെൽകൃഷി വികസനം-കൂലിചെലവ്-സബ്സിഡി | | 10,00,000 | | 10,00,000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 106283 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ വാർഷിക കണക്കിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 14648 രൂപയുമാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. തുകകൾ പൊരുത്തപ്പെടാത്തതിന് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുന്നിരിപ്പ് | അഡ്വാൻസ് | ചെലവ് | ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കൽ | ബിൽ നം.27/30-03-17 | 2,00,000 (മുൻ റിപ്പോർട്ട് പ്രകാരം) | 0 | 0 | 2,00,000 |
| KSEB | നെല്ലാണിപൊറ്റ കോളനി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം.28/22-03-18 | | 32344 | 0 | 32344 |
| KSEB | റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം.21700574/30.11.17<br>വൗച്ചർ നം.21700579/30.11.17<br>വൗച്ചർ നം.21700580/30.11.17 | | 13797<br>36203<br>908 | 0 | 50908 |

വാർഷിക കണക്കുമായി ഡെപ്പോസിററ് തുകകൾ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. വ്യതാസത്തിന് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2(20) | 2006-07 | 3.71.8 | വൗച്ചറുകൾ ഹാജരാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2(46) | | 3.714 | ഭവന പദ്ധതി ഡിപ്പോസിററ് | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3-16<br>3-23(2) | PK.ഖാലിദ് സെക്രട്ടറി | LF10419/ spl.cell/SC /D1/12 /20.9.14 | 3209(3-16)<br>51134(3-23(2) | 54343 | OP No.24/2015 dt.29.1.18 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,76,57,098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,83,25,237 |
| വരവിനങ്ങളിലെ നഷ്ടം | -- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32321 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 1704649 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 18876 | ശ്രീമതി ആശ.വൈ.യു. അസിസ്റ്റന്റ് എഞ്ചിനീയർ (14684) |
| | | ശ്രീ.ഗ്രേഷ്യസ്.എം.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ (4192 |
| 3-2 | 8516 | ശ്രീമതി ആശ.വൈ.യു. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 1649 | ശ്രീ.ഗ്രേഷ്യസ്.എം.ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 3280 | ശ്രീമതി.മഞ്ജു മോഹൻ.E, കൃഷി ഓഫീസർ |
| ആകെ | 32321 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 674649 | ഡോ.അഹമ്മദ്.പി, മെഡിക്കൽ ഓഫീസർ |
| 3-14 | 21975 | ശ്രീ. ജയശങ്കർ,സെക്രട്ടറി |
| 3-15 | 8,53,203 | ശ്രീമതി.അജിത.ബി,സെക്രട്ടറി (145062) |
| | | ശ്രീ. ജയശങ്കർ,സെക്രട്ടറി (708141) |
| 3-16 | 71570 | ശ്രീ. പി.അഹമ്മദ്.<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |

| | | |
|---|---|---|
| 3-19 | 83252 | ശ്രീ. ജയശങ്കർ,സെക്രട്ടറി |
| ആകെ | 1704649 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-9

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | പേരും സ്ഥിരം മേൽവിലാസവും |
|---|---|---|
| 3-1, 3-2 | 23,200 | ശ്രീമതി ആശ.വൈ.യു<br>എസ്.എ കോട്ടേജ്, വെള്ളിമൺ പി.ഒ.,<br>കൊല്ലം – 691511 |
| 3-1, 3-3 | 5,841 | ശ്രീ.ഗ്രേഷ്യസ്.എം.ജോൺ<br>മണിമലയിൽ ഹൗസ്,വെണ്ടുവഴി,കോതമംഗലം പി.ഒ.,<br>എറണാകുളം – 686691 |
| 3-8 | 3,280 | ശ്രീമതി.മഞ്ജു മോഹൻ.E, എനാട്ടെങ്ങൽ വീട്, മങ്കട (പി.ഒ),<br>മലപ്പുറം – 679324 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (വരവ്) | എൽ.എഫ്.എം.9/902/09 തിയ്യതി 2-6-2010 | 2 |
| 97-98<br>ചെലവ് | എൽ.എഫ്.എം9/1253/06 തീയതി 18-10-2006 | 27 |
| 98-99<br>ചെലവ് | എൽ.എഫ്.എം12/844/05 തിയ്യതി 23-8-06 | 34 |
| 1999-00<br>(ചെലവ്) | എൽ.എഫ്.എം.12/ 858/ 05 തീയതി 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.12/ 972/ 05 02.12.2005 | |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |

| | | |
|---|---|---|
| 2001-02<br>(ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02<br>(ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03<br>(ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08<br>2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 15 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 10 |
| 2011-12,<br>2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 15 |
| 2013-14,<br>2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626<br>/2013/13-12-16 | 12 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026<br>/2016/13-12-16 | 22 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.13/2033/2017/6.11.17 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.10/1330/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ:dompm.ksad@kerala.gov.in
തീയ്യതി 03-08-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്